I/391143/2023

"ഭരണഭാഷ - മാതൃഭാഷ"

നം:-DGE/7193/2023-M4

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 01-08-2023

**സർക്കുലർ**

വിഷയം:- പൊതുവിദ്യാഭ്യാസം - മാലിന്യ മുക്ത കേരളം പദ്ധതിയുടെ രണ്ടാം ഘട്ടപ്രവർത്തനങ്ങൾ സ്കൂൾതലത്തിൽ നടപ്പിലാക്കുന്നത് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന :-

1. 26/04/2023 ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ റിപ്പോർട്ട്.
2. സർക്കാർ കത്ത് നമ്പർ W M3/ 187/2022/ത.സ്വ.ഭ.വ
3. 15/05/2023 തീയതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ സർക്കുലർ.

*****

മാലിന്യ മുക്ത കേരളം പദ്ധതിയുടെ ഒന്നാം ഘട്ട പ്രവർത്തനങ്ങൾ സ്കൂൾ തലത്തിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സൂചന 3 പ്രകാരം എല്ലാ സ്കൂളുകൾക്കും നൽകിയിരുന്നു. ആയത് പ്രകാരം എല്ലാ സ്കൂളുകളിലും ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനം ഉറപ്പുവരുത്തുവാനും സ്കൂളുകൾ സീറോ വേസ്റ്റ് ക്യാമ്പസായി ജൂൺ 5 ന് പ്രഖ്യാപിക്കുവാനും നിർദ്ദേശം നൽകിയിരുന്നു. മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ സന്ദേശം കുട്ടികളിലൂടെ എല്ലാ ജനവിഭാഗങ്ങളിലേയ്ക്കും എത്തിക്കേണ്ടതുണ്ട്. ആയതിനായി രണ്ടാം ഘട്ടത്തിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

**ആഗസ്റ്റ്**

- സ്കൂൾ അസംബ്ലിയിൽ മാലിന്യ സംസ്കരണം ശാസ്ത്രീയമായി നടത്തുന്നതിനെ കുറിച്ച് അവബോധം നൽകൽ.

വിവിധതരം മാലിന്യങ്ങളെയും അവയുടെ ഉറവിടങ്ങളെയും കുറിച്ചുള്ള ധാരണ, മാലിന്യം തരംതിരിച്ച് ശേഖരിക്കേണ്ടതിന്റെ ആവശ്യകത, മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി സ്കൂൾ അസംബ്ലിയിൽ സ്കൂൾ അധ്യാപകരുടെ നേതൃത്വത്തിലോ കുട്ടികളുടെ നേതൃത്വത്തിലോ ഉള്ള അവതരണങ്ങൾ നടത്തേണ്ടതാണ്. എല്ലാ ദിവസങ്ങളിലും അസംബ്ലി കൂടാത്ത സാഹചര്യങ്ങളിൽ ക്ലാസ്സ് മുറികളിൽ അധ്യയനം ആരംഭിക്കുന്നതിന് മുന്നോടിയായി ഇത്തരത്തിലുള്ള

അവതരണങ്ങൾ നടത്താവുന്നതാണ്. പരാമാവധി 3 മിനിറ്റ് സമയമേ ഇതിനായി വിനിയോഗിക്കാൻ പാടുള്ളു.

- മാലിന്യ സംസ്കരണത്തിൻറെ പ്രാധാന്യം സംബന്ധിച്ച ലോഗോ, സന്ദേശങ്ങൾ എന്നിവ കുട്ടികൾക്കിടയിൽ പ്രചരിപ്പിക്കൽ.
- കുട്ടികളുടെ വീടുകളിലെ മാലിന്യ സംസ്കരണ രീതികൾ സംബന്ധിച്ച അവലോകനം.

ശാസ്ത്രാധ്യാപകരുടെ നേതൃത്വത്തിൽ വീടുകളിൽ നിലവിലുള്ള മാലിന്യ സംസ്കരണ രീതികൾ സംബന്ധിച്ച അവലോകനം നടത്തേണ്ടതാണ്.

- മാലിന്യ സംസ്കരണത്തിന് സ്കൂൾതല പദ്ധതി, ക്ലാസ്സ്തല പദ്ധതി, വ്യക്തിഗത പദ്ധതി എന്നിവ രൂപീകരിക്കൽ

ജൈവമാലിന്യത്തെ സ്കൂളിൽത്തന്നെ സംസ്കരിക്കുന്നതിനും അജൈവ മാലിന്യത്തെ തരംതിരിച്ച് ശേഖരിച്ച് കേന്ദ്രീകൃത സംവിധാനത്തിലേയ്ക്ക് കൈമാറുന്നതിനുമുള്ള പ്രവർത്തനങ്ങൾ സ്കൂൾതല പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സ്കൂളിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ, നടപ്പിലാക്കേണ്ട സമയക്രമം, ഫണ്ട് സ്വരൂപീക്കേണ്ട ഏജൻസി എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രവർത്തന കലണ്ടർ സ്കൂൾതല പദ്ധതിയുടെ ഭാഗമായി തയ്യാറാക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ എന്നിവയുടെ സഹായത്തോടെ പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്. സ്കൂൾതല പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ ക്ലാസ്സുകളും ചെയ്യേണ്ട പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ക്ലാസ്സ്തല പദ്ധതിയും തയ്യാറാക്കേ ണ്ടതാണ്. കുട്ടികളുടെ വീടുകളിലെ ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും അജൈവമാലിന്യങ്ങൾ തരംതിരിച്ച് ഹരിത കർമ്മസേനയ്ക്ക് കൈമാറുന്നതിനുമുള്ള പ്രവർത്തനങ്ങൾ വ്യക്തിഗത പ്ലാനായി തയ്യാറാക്കാൻ ഓരോ കുട്ടിയോടും നിർദ്ദേശിക്കേണ്ടതാണ്.

- സ്കൂൾ സോഷ്യൽ സർവ്വീസ് സ്കീം, എൻ.എസ്.എസ്, എസ്.പി.സി, സ്കൗട്ട് തുടങ്ങിയ ക്ലബ്ബുകളുടെ നേതൃത്വത്തിൽ സ്കൂളിൽ മാലിന്യ സംസ്കരണത്തിനായുള്ള ബിന്നുകൾ സ്ഥാപിക്കൽ/അവബോധ ക്ലാസ്സുകൾ സംഘടിപ്പിക്കൽ.
- ഹരിത കർമ്മസേനാംഗങ്ങളെ സ്വാതന്ത്ര്യദിന ചടങ്ങുകളുടെ ഭാഗമായി പരിചയപ്പെടുത്തൽ.
- വിദ്യാർത്ഥികളെക്കൊണ്ട് മാലിന്യനിർമ്മാർജ്ജനം സംബന്ധിച്ച പ്രതിജ്ഞ ചൊല്ലിക്കുക.

**സെപ്റ്റംബർ**

- സ്കൂൾ അസംബ്ലികളിലും സ്കൂൾ പാർലമെന്റിലും സമീപപ്രദേശങ്ങളിലെ മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച പ്രശ്നങ്ങളെ സംബന്ധിച്ച് ചർച്ചകൾ സംഘടിപ്പിക്കൽ

  ചർച്ചകളുടെ അടിസ്ഥാനത്തിൽ ഉരുത്തിരിയുന്ന കണ്ടെത്തലുകളും നിർദ്ദേശങ്ങളും ഔദ്യോഗിക രൂപത്തിൽ സ്കൂൾ ഹെഡ്മാസ്റ്റർ മുഖേന ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ അറിയിക്കേണ്ടതാണ്.

- ജൈവമാലിന്യം സ്കൂളിൽ തന്നെ സംസ്കരിച്ച് അടുക്കള പച്ചക്കറി തോട്ടത്തിലേയ്ക്ക് വളമായി ഉപയോഗിക്കൽ.

**ഒക്ടോബർ-2**

- സ്കൂളിലെ ശുചിത്വ സംവിധാനങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടികളെക്കൊണ്ട് സ്കൂളിനെ വിലയിരുത്തി ഗ്രേഡിംഗ് നൽക്കൽ

  ഓരോ ക്ലാസ്സിൽ നിന്നും 5 കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് ശുചിത്വ സ്ക്വാഡ് രൂപീകരിക്കേണ്ടതാണ്. ശുചിത്വ സ്ക്വാഡിന്റെ നേതൃത്വത്തിൽ സ്കൂളിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും സ്കൂൾ പാർലമെന്റിൽ അവലോകനം ചെയ്യേണ്ടതുമാണ്. സ്കൂളിൽ നിലവിലുള്ള ശുചിത്വ സംവിധാനങ്ങളുടെ അടിസ്ഥാനത്തിൽ സ്കൂളിനെ വിലയിരുത്തി ഗ്രേഡിംഗ് നൽകുന്നതിനുള്ള ചുമതല ശുചിത്വ സ്ക്വാഡിന് നൽകേണ്ടതാണ്. ഗ്രേഡിംഗ് നടത്തുന്നതിനുള്ള സൂചകങ്ങൾ ശാസ്ത്രാധ്യാപകരുടെ നേതൃത്വത്തിൽ സ്ക്വാഡ് അംഗങ്ങളെക്കൊണ്ട് തയ്യാറാക്കേണ്ടതാണ്.

**നവംബർ-14**

- തദ്ദേശ സ്വംയംഭരണ സ്ഥാപനങ്ങൾ സ്കൂളുകളിൽ സംഘടിപ്പിക്കുന്ന വിദ്യാർത്ഥി ഹരിത സഭകളിൽ സ്കൂൾ പാർലമെന്റ് പ്രതിനിധികളെ പങ്കെടുപ്പിക്കുക .

  ഓരോ പഞ്ചായത്തിലെയും തെരഞ്ഞെടുത്ത സ്കൂളുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന ഹരിതസഭയിൽ സ്കൂൾ പാർലമെന്റ് പ്രതിനിധികൾ പങ്കെടുക്കേണ്ടതാണ്. സ്കൂൾ സ്ഥിതി ചെയുന്ന പ്രദേശത്തെ നിലവിലെ മാലിന്യ സംസ്കരണ പ്രശ്നങ്ങൾ, അവ പരിഹരിക്കേണ്ടതിന്റെ ആവശ്യകത, പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ മുതലായവയെ കുറിച്ചുള്ള ചർച്ചകളാണ് ഹരിത സഭയിൽ വിദ്യാർത്ഥി പ്രതിനിധികളുടെ നേതൃത്വത്തിൽ നടത്തേണ്ടത്. മാലിന്യ സംസ്കരണത്തിനുള്ള സ്കൂൾതല പദ്ധതിയെക്കുറിച്ചും ആയതിന്റെ പ്രവർത്തന പുരോഗതിയെക്കുറിച്ചുമുള്ള അവതരണങ്ങളും നടത്താവുന്നതാണ്. സ്കൂൾതല പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സഹായം കൂടുതലായി ആവശ്യമുണ്ടെങ്കിൽ

അക്കാര്യവും ഹരിതസഭകളിൽ അവതരിപ്പിക്കാവുന്നതാണ്.

**ജനുവരി-26**

- മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ പ്രവർത്തനങ്ങളിൽ ഏറ്റവും നല്ല രീതിയിൽ പ്രവർത്തിച്ച വിദ്യാർത്ഥികളെ അനുമോദിക്കുകയും അവർക്ക് സർട്ടിഫിക്കറ്റ് വിതരണം നടത്തുകയും ചെയ്യുക.

സ്കൂൾതല പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്ത കുട്ടികൾക്ക് സ്കൂൾ അസംബ്ലിയിൽ വച്ച് അനുമോദനം നൽകേണ്ടതാണ്. ഈ കുട്ടികൾക്കുള്ള പ്രോത്സാഹനമായി സ്കൂൾ പ്രഥമാധ്യാപകൻ / പ്രഥമാധ്യാപിക സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ നൽകാവുന്നതാണ്.

പുതുതലമുറകളിൽ മാലിന്യ നിർമ്മാർജ്ജനത്തിനെ കുറിച്ച് അവബോധം സൃഷ്ടിക്കുവാനും, മാലിന്യമുക്ത നവകേരളത്തിന് അനിവാര്യമായ ഒരു മഹത്തായ മാറ്റത്തിന് തുടക്കം കുറിക്കാനും സഹായകമാകുന്ന വിധത്തിൽ മേൽ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ എല്ലാ പ്രഥമാധ്യാപകരും ശ്രദ്ധിക്കേണ്ടതാണ്.

Signed by
Shanavas S Ias
Date: 01-08-2023 19:34:31
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താവ്:

1. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും.
2. എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എച്ച്.എസ്.ഇ. വിഭാഗം)
3. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വി.എച്ച്.എസ്.ഇ. വിഭാഗം)
4. എല്ലാ ഡയറ്റ് പ്രിൻസിപ്പാൾമാർക്കും
5. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
6. എല്ലാ പ്രഥമാധ്യാപകർക്കും (ബന്ധപെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

പകർപ്പ്:

1. കരുതൽ ഫയൽ